## ദേശീയ ഗെയിംസ് നിർമ്മാണ പദ്ധതികൾ

284 (289) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി എന്തെല്ലാം നിർമ്മാണ പദ്ധതികൾക്ക് ഭരണാനുമതി നല്കി ; അവ ഓരോന്നിനും ടെക്നിക്കൽ സാങ്ഷൻ നൽകിയത് ഏത് തീയതികളിലായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും ഭരണാനുമതി, ടെണ്ടർ വിളിച്ച തീയതി, ടെണ്ടർ ഉറപ്പിച്ച തീയതി, വർക്ക് അവാർഡ് ചെയ്ത തീയതി, എഗ്രിമെന്റ് വച്ച തീയതി, വർക്ക് ആരംഭിച്ച തീയതി, വർക്ക് പൂർത്തികരിക്കുന്നതിന് കരാറുകാർക്ക് നല്കിയ തീയതി, വർക്ക് പൂർത്തിയാക്കിയ തീയതി, കമ്മീഷൻ ചെയ്ത തീയതി എന്നിവ വിശദീകരിക്കാമോ ;

(സി) ഏതെങ്കിലും വർക്കിന്റെ എസ്റ്റിമേറ്റ് പുതുക്കുകയുണ്ടായിട്ടുണ്ടോ; ഏതെല്ലാം വർക്കിന് എത്ര ശതമാനം വീതം ടെണ്ടർ എക്സസ് നല്കുകയുണ്ടായി ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതി

283 (290) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് നടത്തിപ്പിൽ നിറയെ അഴിമതിയുണ്ടായിരുന്നുവെന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഴിമതികൾ നടന്നത് സംബന്ധിച്ച് തെളിവുകൾ നശിപ്പിക്കപ്പെടാതിരിക്കാൻ കരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം, പിരപ്പൻകോട് നീന്തൽകുളം, കൊല്ലത്തെ ഹോക്കി സ്റ്റേഡിയം തുടങ്ങിയവിടങ്ങളിൽ നിന്നും സിബിഐ-ക്ക് തെളിവെടുക്കേണ്ടി വന്നിട്ടുള്ളതായി പുറത്തുവന്ന വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly